# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 152

10.03.2020-ൽ മറുപടി നൽകേണ്ടത്.

## പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സർക്കാർ സേവനം

**ചോദ്യം**

**ശ്രീ.പി.കെ.അബ്ദു റബ്ബ്**
**ശ്രീ.മഞ്ഞളാംകുഴി അലി**
**ശ്രീ.പി.ഉബൈദുള്ള**
**ശ്രീ.എം.സി.കമറുദ്ദീൻ**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | പൊതുജനങ്ങൾക്ക് സർക്കാർ സേവനം അടിയന്തരമായും കാര്യക്ഷമമായും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനും അവർക്ക് അർഹമായ സഹായം വേഗത്തിലും കുറ്റമറ്റനിലയിലും ലഭ്യമാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യാ സഹായത്തോടെ കമ്പ്യൂട്ടർ-ഇൻറർനെറ്റ് അധിഷ്ഠിത സംവിധാനങ്ങൾ ഒരുക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. തപാലിൽ ലഭിക്കുന്ന അപേക്ഷകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും പരാതികളും അപേക്ഷകളുമായി തലസ്ഥാനത്തേക്കോ ജില്ലാ ആസ്ഥാനത്തേക്കോ വരാതെ തന്നെ വില്ലേജ്, താലൂക്ക് ഓഫീസുകളിലും, കളക്ടേറ്റുകളിലും അക്ഷയ കേന്ദ്രങ്ങളിലും, എം.എൽ.എമാരുടെയും മന്ത്രിമാരുടെയും ഓഫീസുകളിലും ആവശ്യമുള്ളവർക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | സൗകര്യം ഒരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേക്കും ദുരിതാശ്വാസ നിധിയിലേക്കും ലഭിക്കുന്ന അപേക്ഷകളുടെ പരിശോധനയും, നടപടികളും ഫണ്ട് വിതരണവും പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാണ് കൈകാര്യം ചെയ്യുന്നത്. അപേക്ഷകളും പരാതികളും തീർപ്പാക്കുന്നതിന് ശരാശരി വേണ്ടിവരുന്ന സമയം 2016-ൽ 898 ദിവസമായിരുന്നത് 16 ദിവസമായി കുറച്ചുകൊണ്ടുവരാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് 2016-ൽ ശരാശരി 157 ദിവസം വേണ്ടിയിരുന്നപ്പോൾ ഇന്ന് പൊതുവിൽ 14 ദിവസവും ധനസഹായ അഭ്യർത്ഥനകൾക്ക് 100 മണിക്കൂറുമായി കുറച്ചുകൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്.<br><br>മേൽപറഞ്ഞ വിധം പൊതുജനങ്ങളുടെ പരാതികൾക്കും ദുരിതാശ്വാസ അഭ്യർത്ഥനകൾക്കും കാലതാമസമില്ലാതെ പരിഹാരം കാണുന്നതിനുപരിയായി മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികളുടെ പൊതു സ്വഭാവം പരിശോധിച്ച് പല കാര്യങ്ങളിലും പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 'ലൈഫ്' ഭവനനിർമ്മാണ മാർഗനിർദ്ദേശങ്ങളുടെ രൂപീകരണം, |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ വായ്പാ തിരിച്ചടവിനായുള്ള സഹായ പദ്ധതി കൂടുതൽ ജനോപകാരപ്രദമാക്കുക, ഹൗസിംഗ് ബോർഡ് തുടങ്ങിയ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, അംഗപരിമിതർക്കായുള്ള തസ്തികകളിലേക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെൻറ്, വനിതാ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള തീരുമാനം, വിധവകൾക്ക് പി.എസ്.സി അപേക്ഷകൾക്കുള്ള പ്രായപരിധി ഉയർത്തിയത് തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്.<br><br>ഇൻറർനെറ്റ് ലഭ്യത പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 1997 വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. കെഫോൺ പദ്ധതി പൂർത്തിയാക്കുന്നതോടെ ഏറ്റവും താഴെ തട്ടിൽ വരെ ഇൻറർനെറ്റ് സൗകര്യം ലഭ്യമാക്കാനാകും. സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള അപേക്ഷകൾ നൽകുന്നതിനും പൊതുജനങ്ങൾക്ക് ഇത് കൂടുതൽ സഹായകരമാണ്. സർക്കാരിന്റെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് കൂടുതൽ മൊബൈൽ ആപ്പുകൾ ഏർപ്പെടുത്തുന്നതാണ്. വകുപ്പുകളുടെയും |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെയും സേവനങ്ങൾ മൊബൈൽ ഫോണിലൂടെ ലഭ്യമാക്കുന്നതിന് 'എം-കേരള' മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്.<br><br>സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം കാര്യക്ഷമമാക്കുന്നതിൻറെ ഭാഗമായി ആനുകൂല്യം പെൻഷനറുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനും മസ്റ്ററിങ്ങിൽ ഉണ്ടായിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വീട്ടിലെത്തി മസ്റ്ററിങ്ങ് ചെയ്യുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾ വഴി സർക്കാർ നൽകുന്ന ധനസഹായ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ച് പുസ്തക രൂപത്തിലും വെബ്സൈറ്റിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം ഏതെല്ലാം വകുപ്പുകളിൽ ബാധകമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 121 വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്(പട്ടിക അനുബന്ധമായി ചേർക്കുന്നു.) |
| (സി) | വിവിധ സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സെക്രട്ടേറിയറ്റിലും മറ്റു വകുപ്പു മേധാവികളുടെ ഓഫീസുകളിലുമുള്ള പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 01.08.2019 മുതൽ 31.10.2019 വരെ "ഫയൽ തീർപ്പാക്കൽ തീവ്രയത്നപരിപാടി" നടപ്പാക്കുകയും എല്ലാ |

| | | | |
|---|---|---|---|
| | വിശദമാക്കുമോ? | | ഓഫീസുകളിലും അദാലത്തുകളും അവലോകനയോഗങ്ങളും നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന കാലപ്പഴക്കമുള്ള ഫയലുകളുടെ കണക്കെടുപ്പ് നടത്തി സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇതു കൂടാതെ, പൊതുജനങ്ങളിൽ നിന്ന് പരാതികൾ സ്വീകരിച്ച് മാസത്തിലെ മൂന്നാമത്തെ ശനിയാഴ്ച ജില്ലയിലെ ഒരു താലൂക്കിൽ ജില്ലാതല ഉദ്യോഗസ്ഥരെ കൂടി പങ്കെടുപ്പിച്ച് അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അദാലത്തുകളിൽ മന്ത്രിമാരും പങ്കെടുക്കുന്നതാണ്.<br><br>CRZ/നെൽവയൽ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് ലൈഫ് മിഷൻ ഗുണഭോക്താക്കൾ നേരിട്ട പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക അദാലത്തുകൾ നടത്തിയിരുന്നു. സമാനമായ അദാലത്തുകൾ തുടരുന്നതിനും അതിലൂടെ നെൽവയൽ പരിവർത്തനം ചെയ്യൽ/ ഡാറ്റാ ബാങ്ക് വിവരം തിരുത്തൽ തുടങ്ങിയ കാര്യങ്ങളിലുള്ള എല്ലാ |

| | | | |
|---|---|---|---|
| | | | പരാതികളും മാർച്ചിൽ പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| സെക്രട്ടേറിയറ്റിലെ വകുപ്പുകൾ | | ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വകുപ്പുകൾ/സ്ഥാപനങ്ങൾ |
|---|---|---|
| Agriculture | 1 | കൃഷി ഡയറക്ടറേറ്റ് |
| | 2 | മണ്ണ് പര്യവേക്ഷണ സംരക്ഷണ ഡയറക്ടറേറ്റ് |
| | 3 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ |
| Animal Husbandry | 4 | മൃഗസംരക്ഷണ വകുപ്പ് |
| | 5 | ക്ഷീര വികസന വകുപ്പ് |
| Backward Classes | 6 | പിന്നോക്ക സമുദായ വികസന വകുപ്പ്, സെക്രട്ടേറിയറ്റ് |
| | 7 | പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റ് |
| | 8 | പിന്നാക്ക സമുദായ വികസന കോർപ്പറേഷൻ |
| Co-operation | 9 | സഹകരണ വകുപ്പ് |
| Culture | 10 | സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം |
| | 11 | പുരാവസ്തു വകുപ്പ് |
| | 12 | പുരാരേഖ വകുപ്പ് |
| | 13 | മ്യൂസിയവും മൃഗശാലയും വകുപ്പ് |
| Environment | 14 | മലിനീകരണ നിയന്ത്രണ ബോർഡ് |
| Finance | 15 | ട്രഷറി വകുപ്പ് |
| | 16 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ |
| | 17 | ഇൻഷ്വറൻസ് വകുപ്പ് |
| Fisheries & Ports | 18 | മത്സ്യബന്ധനം |
| | 19 | തുറമുഖം |
| | 20 | ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് |
| Food & Civil Supplies | 21 | സിവിൽ സപ്ലൈസ് |
| | 22 | ലീഗൽ മെട്രോളജി |
| Forest&Wildlife | 23 | വനം-വന്യജീവി വകുപ്പ് |
| | 24 | കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ |
| GAD | 25 | സ്വാതന്ത്ര്യസമരസേനാനി പെൻഷൻ വകുപ്പ് |
| | 26 | സൈനിക ക്ഷേമ വകുപ്പ് |
| General Education | 27 | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് |

| | | |
|---|---|---|
| | 28 | പൊതു പരീക്ഷാ കമ്മീഷണറുടെ കാര്യാലയം |
| | 29 | ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം |
| | 30 | വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം |
| Health & Family Welfare Dept. | 31 | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 32 | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് |
| | 33 | റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് |
| | 34 | കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ(ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 35 | കേരള സംസ്ഥാന നഴ്സസ് ആന്റ് പബ്ലിക് ഹെൽത്ത് നഴ്സസ് ക്ഷേമനിധി |
| | 36 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (IMHANS) |
| | 37 | കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിൽ |
| | 38 | കേരള ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം |
| | 39 | മലബാർ കാൻസർ സെന്റർ |
| | 40 | ശിശുവികസന കേന്ദ്രം |
| | 41 | ഭാരതീയ നാട്ടുചികിത്സാ വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 42 | കേരള പാരാമെഡിക്കൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 43 | കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ |
| | 44 | തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജ് |
| | 45 | കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി |
| | 46 | ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം (ആരോഗ്യഭവൻ) (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 47 | കേരള സ്റ്റേറ്റ് ഹോമിയോപ്പതി സഹകരണ ഫാർമസി (HOMCO) |
| | 48 | ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |

| | | |
|---|---|---|
| | 49 | റീജിയണൽ കാൻസർ സെന്റർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെട്ടുവിച്ചിട്ടുണ്ട്) |
| | 50 | ഗവൺമെന്റ് ആയുർവ്വേദ കോളേജ്, ഹോസ്പിറ്റൽസ്, തിരുവനന്തപുരം/ തൃപ്പൂണിത്തുറ/കണ്ണൂർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെട്ടുവിച്ചിട്ടുണ്ട്) |
| | 51 | തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെട്ടുവിച്ചിട്ടുണ്ട്) |
| | 52 | കേരള ഡെന്റൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെട്ടുവിച്ചിട്ടുണ്ട്) |
| | 53 | കേരള ഹോമിയോപ്പതി വകുപ്പ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെട്ടുവിച്ചിട്ടുണ്ട്) |
| Higher Education Department | 54 | കോളേജ് വിദ്യാഭ്യാസ വകുപ്പ് |
| | 55 | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി |
| | 56 | പ്രിന്റിംഗ് വകുപ്പ് |
| | 57 | സ്റ്റേഷനറി വകുപ്പ് |
| | 58 | കോഴിക്കോട് യൂണിവേഴ്സിറ്റി |
| | 59 | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് |
| Home | 60 | പോലീസ് വകുപ്പ് |
| | 61 | ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്(സെക്രട്ടേറിയറ്റ്) |
| | 62 | ജയിൽ വകുപ്പ് |
| | 63 | ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ് |
| Housing Department | 64 | ഹൗസിംഗ് ബോർഡ് |
| | 65 | നിർമ്മിതി കേന്ദ്രം |
| | 66 | ഭവന നിർമ്മാണ (സാങ്കേതിക) വകുപ്പ് |
| Industries Department | 67 | വ്യവസായ വകുപ്പ് (സെക്രട്ടേറിയറ്റ്) |
| | 68 | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് |
| | 69 | കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ് |
| | 70 | മൈനിംഗ് & ജിയോളജി വകുപ്പ് |
| | 71 | കയർ വികസന ഡയറക്ടറേറ്റ് |
| | 72 | കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് |
| Information Technology | 73 | വിവര സാങ്കേതിക വകുപ്പ് |
| Labour Department | 74 | തൊഴിൽ വകുപ്പ് |
| | 75 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ് |

| | | |
|---|---|---|
| | 76 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | 77 | ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് |
| | 78 | വ്യാവസായിക പരിശീലന വകുപ്പ് |
| | 79 | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| Local Self Govt. Dept. | 80 | പഞ്ചായത്ത് വകുപ്പ് |
| | 81 | നഗരകാര്യ വകുപ്പ് |
| | 82 | ഗ്രാമവികസന വകുപ്പ് |
| Norka | 83 | നോർക്ക (സെക്രട്ടേറിയറ്റ്) |
| | 84 | കേരള പ്രവാസി ക്ഷേമ ബോർഡ് |
| Parliamentary Affairs Dept. | 85 | പാർലമെന്ററി അഫയേഴ്സ് വകുപ്പ് |
| P&ARD | 86 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്, സെക്രട്ടേറിയറ്റ്. |
| Planning and Economic Affairs Department | 87 | എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| Power | 88 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| | 89 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |
| | 90 | എനർജി മാനേജ്മെന്റ് സെന്റർ |
| | 91 | കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം |
| Public Works Dept. | 92 | പൊതുമരാമത്ത് വകുപ്പ് (റെന്റ്) |
| | 93 | പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്) |
| | 94 | കേരള റോഡ് ഫണ്ട് ബോർഡ് |
| Revenue Department | 95 | ലാന്റ് റവന്യൂ കമ്മീഷണറേറ്റ് |
| | 96 | സർവ്വേയും ഭൂരേഖയും വകുപ്പ് |
| Scheduled Castes - Development Department | 97 | പട്ടികജാതി വികസന വകുപ്പ്, (സെക്രട്ടേറിയറ്റ്) |
| | 98 | പട്ടികജാതി വികസന വകുപ്പ് |
| | 99 | പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ |
| | 100 | സ്ക്രൂട്ടിനി കമ്മിറ്റി ഫോർ വെരിഫിക്കേഷൻ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്സ് (എസ്.സി/എസ്.റ്റി) |
| Scheduled Tribes Dept | 101 | പട്ടികവർഗ്ഗവികസന വകുപ്പ്, (സെക്രട്ടേറിയറ്റ്) |
| | 102 | പട്ടികവർഗ്ഗവികസന വകുപ്പ് |

| | | |
|---|---|---|
| | 103 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ |
| Social Justice Department | 104 | സാമൂഹ്യനീതി വകുപ്പ് |
| Stores Purchase Department | 105 | സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്, സെക്രട്ടേറിയറ്റ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| Taxes Department | 106 | വാണിജ്യ നികുതി വകുപ്പ് |
| | 107 | രജിസ്ട്രേഷൻ വകുപ്പ് |
| | 108 | എക്സൈസ് വകുപ്പ് |
| | 109 | ലോട്ടറീസ് വകുപ്പ് |
| | 110 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് |
| Tourism Department | 111 | ടൂറിസം വകുപ്പ് |
| | 112 | കിറ്റ്സ് (Kerala Institute of Tourism and Travel Studies) |
| | 113 | ഇക്കോ ടൂറിസം വകുപ്പ് |
| Transport Department | 114 | മോട്ടോർ വെഹിക്കിൾസ് വകുപ്പ് (കമ്മീഷണറേറ്റ്) |
| | 115 | ജലഗതാഗത വകുപ്പ് |
| | 116 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ |
| Vigilance Department | 117 | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ |
| Water Resources Dept | 118 | ജലസേചന വകുപ്പ് |
| | 119 | കേരള വാട്ടർ അതോറിറ്റി |
| | 120 | ഭൂജല വകുപ്പ് |
| | 121 | കാഡാ |

Dip